നം.എൻ.ഇപി-(3)40432/2012

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം**
**തിരുവനന്തപുരം**

തീയതി :13/9/.2012

## സർക്കുലർ

വിഷയം:- **പൊതുവിദ്യാഭ്യാസം - സ്കൂൾ കുട്ടികൾക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ (യു.ഐ.ഡി) നൽകുന്നത് സംബന്ധിച്ച മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന :- G.O (MS) No.27/2010/ITD dtd. 20.08.2010

സൂചന സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഏകീകൃത തിരിച്ചറിയൽ കാർഡ് (യു.ഐ.ഡി) പദ്ധതി നടപ്പാക്കാനായി അക്ഷയ, കെൽട്രോൺ, ഐ.ടി@സ്കൂൾ എന്നീ സ്ഥാപനങ്ങളെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ നൽകുന്നത് ക്ഷേമപ്രവർത്തനങ്ങളുടെ ഫലപ്രദമായ ആസൂത്രണം, അധ്യാപക പാക്കേജ് നടപ്പിലാക്കൽ, വിദ്യാഭ്യാസ അവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഗുണകരമാണ്. സംസ്ഥാനത്തെ എല്ലാ സ്കൂൾ കുട്ടികൾക്കും യു.ഐ.ഡി നമ്പർ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് പൂർത്തിയാക്കുന്നതിനായി താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു :

1. സ്കൂളുകളിൽ യു.ഐ.ഡി നമ്പർ നൽകുന്നതിന്റെ എൻറോൾമെന്റ് നടപടിക്രമങ്ങൾ അക്ഷയ, കെൽട്രോൺ തുടങ്ങിയ അംഗീകൃത ഏജൻസികൾക്കാണ്. ഇതിന്റെ ഏകോപന ചുമതല ഐ.ടി@സ്കൂൾ പ്രോജക്ടിനായിരിക്കും.
2. ഏജൻസികൾക്ക് എൻറോൾമെന്റ് നടത്താനുള്ള സ്കൂളുകളുടെ ലിസ്റ്റ് ഐടി@സ്കൂൾ ലഭ്യമാക്കേണ്ടതാണ്. എൻറോൾ ചെയ്യുന്ന സ്കൂളുകളെ, ഏജൻസികൾ മുൻകൂട്ടി വിവരം അറിയിക്കുകയും കുട്ടികൾക്ക് നൽകാനുള്ള ഫോമുകൾ മുൻകൂട്ടി വിതരണം ചെയ്യുകയും വേണം.
3. ഫോം പൂരിപ്പിക്കേണ്ട ചുമതല കുട്ടിയുടെ സഹായത്തോടെ അതത് ക്ലാസ് ടീച്ചർക്കാണ്. പൂരിപ്പിച്ച ഫോം കുട്ടി വീട്ടിൽ കാണിച്ച് രക്ഷിതാക്കളുടെ അംഗീകാരം വാങ്ങിയാവണം നൽകേണ്ടത്. ഇപ്രകാരം എൻറോൾമെന്റ് തീയതിയ്ക്കുമുമ്പ് ഫോമുകൾ ക്ലാസ് ഡിവിഷൻ തിരിച്ച് ബന്ധപ്പെട്ട ഏജൻസിക്ക് നൽകണം.
4. ആവശ്യമെങ്കിൽ അധ്യാപകർക്ക് ആധാർ രജിസ്ട്രേഷൻ നടത്താനുള്ള സൗകര്യവും (നിശ്ചിത ഫോർമാറ്റിൽ) ബന്ധപ്പെട്ട ഏജൻസികൾ ചെയ്തുകൊടുക്കേണ്ടതാണ്.
5. ഫോം പൂരിപ്പിക്കുകയും പരിശോധിക്കുകയും ചെയ്യുന്ന അധ്യാപകന് (ക്ലാസ് ടീച്ചർക്ക്) കുട്ടിക്ക് രണ്ടുരൂപാ നിരക്കിൽ (യു.ഐ.ഡിയുടെ വെരിഫൈയർമാർക്ക് അംഗീകരിച്ച തുക) പ്രതിഫലം നൽകും. യു.ഐ.ഡി നമ്പർ (ആധാർ) വളരെ പ്രധാനപ്പെട്ടതായതിനാൽ വിവരം കൃത്യമായി പൂരിപ്പിച്ച് നൽകാൻ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം.
6. രജിസ്ട്രേഷൻ നടത്തുന്നതിന് കുട്ടിയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ഫോം സർട്ടിഫൈ ചെയ്യേണ്ടത് 'വെരിഫയർ' (ക്ലാസ് ടീച്ചർ) ആണ്. അതിനാൽ രജിസ്ട്രേഷൻ ഫോമിൽ ക്ലാസ് ടീച്ചറുടെ ഒപ്പും, സ്കൂളിന്റെ സീലും ഉണ്ടായിരിക്കണം.

7. എൻറോൾമെന്റ് നടത്താനായി സർക്കാർ അംഗീകൃത ഏജൻസികൾക്ക് ആവശ്യമായ സ്ഥലസൗകര്യം (വൈദ്യുതി സൗകര്യം ഉണ്ടെങ്കിൽ അതുൾപ്പെടെ) സ്കൂളുകൾ നല്കേണ്ടതാണ്. എന്നാൽ സ്കൂളുകളിലെ കമ്പ്യൂട്ടറുകൾ ഇതിനായി നൽകേണ്ടതില്ല. ക്ലാസ് ഡിവിഷൻ തിരിച്ച് കുട്ടികളെ എൻറോൾ ചെയ്യാനുള്ള സംവിധാനമാണ് ഏർപ്പെടുത്തേണ്ടത്.

8. ആധാർ ഫോമിന്റെ KYR ഭാഗത്ത് പറയുന്ന കാര്യങ്ങൾ (പേര്, ജനന തീയതി, ലിംഗം, അച്ഛന്റെപേര്, അമ്മയുടെ പേര്, വിലാസം, പിൻകോഡ് ) നിർബന്ധമായും നൽകേണ്ടതാണ്. KYR ലെ വിവരങ്ങൾ കൂടാതെ സ്കൂൾ കോഡും കുട്ടിയുടെ അഡ്മിഷൻ നമ്പറും റേഷൻ കാർഡ് നമ്പറും (ഉണ്ടെങ്കിൽ) നൽകണം. എൻറോൾമെന്റ് ഏജൻസി ക്ലാസ് ഡിവിഷൻ തിരിച്ച് കുട്ടികളുടെ Enrollment ID(EID) സ്കൂളുകൾക്ക് നൽകണം. ഇത് പിന്നീട് 'സമ്പൂർണ'യിൽ ഉൾപ്പെടുത്താനായി സ്കൂളുകൾ പ്രത്യേകം സൂക്ഷിച്ച് വെക്കണം.

9. വെരിഫയർമാർക്കും സ്കൂളുകൾക്കുമുള്ള തുക രജിസ്ട്രാർ ആയ സംസ്ഥാന ഐ.ടി മിഷനിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് സ്കൂളുകൾക്ക് ഐടി@സ്കൂൾ വിതരണം ചെയ്യുന്നതാണ്.

10. ആധാറിനായി ശേഖരിക്കുന്ന വിവരം യു.ഐ.ഡി. അതോറിറ്റിയുടെ സെർവറിൽ അപ് ലോഡു ചെയ്യാനും, വിദ്യാഭ്യാസവകുപ്പ് നിഷ്കർഷിക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾക്കുമല്ലാതെ മറ്റൊരു കാര്യത്തിനും ഉപയോഗിക്കില്ല എന്നത് ബന്ധപ്പെട്ട ഏജൻസികൾ ഉറപ്പുവരുത്തണം. കുട്ടികളുടെ സ്വകാര്യത പൂർണമായും സംരക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടികൾ ഉണ്ടാവുന്നതാണ്.

3/9/12

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

ഡയറക്ടർ, കേരള സംസ്ഥാന ഐ.ടി മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ
പ്രോജക്ട് ഡയറക്ടർ, അക്ഷയ (കേരള)
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ-മാർക്കും
എല്ലാ ഐ.ടി@സ്കൂൾ ജില്ലാ കോർഡിനേറ്റർമാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
സ്റ്റോക്ക് ഫയൽ